(ഡി) പ്രസ്തുത തടാകങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന നാല് ശുദ്ധജലതടാകങ്ങൾ സംസ്ഥാനത്തുണ്ട്.

1. വെള്ളായണിക്കായൽ.
2. ശാസ്താംകോട്ട തടാകം.
3. ഇലവീഴാപൂഞ്ചിറ.
4. പൂക്കോട്ട് തടാകം.

ഇവ യഥാക്രമം തിരുവനന്തപുരം, കൊല്ലം, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ സ്ഥിതി ചെയ്യുന്നു.

(സി&ഡി) ശാസ്താംകോട്ട തടാകം, വെള്ളായണിക്കായൽ എന്നിവ സംരക്ഷിക്കുന്നതിനാവശ്യമുള്ള നടപടികളെക്കുറിച്ച് പഠനം നടത്തി വിശദമായ നിർദ്ദേശങ്ങൾ നൽകുവാൻ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെ കേരള വാട്ടർ അതോറിറ്റി ചുമതലപ്പെടുത്തുകയുണ്ടായി. വെള്ളായണി കായലിനെക്കുറിച്ചുള്ള പഠനം പുരോഗമിച്ചു വരുന്നു. ശാസ്താംകോട്ട തടാകത്തെക്കുറിച്ച് നടത്തിയ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളും ലഭിച്ചതിനനുസരിച്ച് തടാകത്തിലേക്കുള്ള മണ്ണൊലിപ്പ് തടയുന്നതിന് തടാകത്തിന് ചുറ്റും ബണ്ട് നിർമ്മിച്ചു തടാകത്തിനു ചുറ്റും ഗ്രീൻ ബണ്ട് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ കൊല്ലം ജില്ലാ കളക്ടറുടെ ചുമതലയിൽ സ്വീകരിച്ചു വരുന്നു.

കമ്മ്യൂണിറ്റി ബെയ്സ് റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്ററി പ്രോഗ്രാം

156 (2621) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്മ്യൂണിറ്റി ബെയ്സ്ഡ് റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടറി പ്രോഗ്രാം മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ ;

(ബി) ഈ പദ്ധതിക്കുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം എത്ര വർക്കു ഷോപ്പുകൾ നടത്തി ; ഇതിന് എന്തു തുക ചെലവായി ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം എന്തു തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചു ;

(ഡി) സംസ്ഥാന സർക്കാർ എന്തു തുക നടപ്പു സാമ്പത്തിക വർഷം വകയിരുത്തി ; എന്തു തുക ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പദ്ധതി അനുസരിച്ച് മലപ്പുറം ജില്ലയിൽ ഏതെല്ലാം വാട്ടർ സപ്ലൈ സ്കീമുകൾ നടപ്പാക്കിയിട്ടുണ്ട് ;

(എഫ്) പദ്ധതി മലപ്പുറം ജില്ലയിൽ നിന്നും മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) എങ്കിൽ കാരണമെന്ത് ;

(എച്ച്) പ്രസ്തുത പദ്ധതി മലപ്പുറം ജില്ലയിൽ തന്നെ തുടരാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെയുള്ള ഗ്രാമീണ ശുദ്ധജലവിതരണ ശുചീകരണ പദ്ധതി മലപ്പുറം ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ പ്രാരംഭമായി നെടിയിരിപ്പ്, പൂക്കോട്ടൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിൽ പൈലറ്റ് പ്രോജക്ടുകൾ നടപ്പാക്കി വരുന്നു.

(ബി) ഒന്നും നടത്തിയിട്ടില്ല. തുകയൊന്നും ചെലവായിട്ടുമില്ല.

(സി) ഒന്നും ലഭിച്ചിട്ടില്ല.

(ഡി) നടപ്പു സാമ്പത്തിക വർഷം ഒരു കോടി രൂപ കണ്ടിജൻസി ഫണ്ടിൽ നിന്നും അനുവദിച്ചു. 25.78 ലക്ഷം രൂപ ഇതുവരെ ചെലവായി.

(ഇ) നിലവിലുള്ള രണ്ട് പൈലറ്റ് പദ്ധതികൾ നടപ്പാക്കിയതിനുശേഷമേ ഈ പദ്ധതിയനുസരിച്ച് വാട്ടർ ,സപ്ലൈ സ്കീമുകൾ നടപ്പാക്കാൻ കഴിയൂ. ഇതേപ്പറ്റി കൂടുതൽ പഠനം നടന്നു വരുന്നു. (നെടിയിരിപ്പ്, പൂക്കോട്ടൂർ എന്നീ പഞ്ചായത്തുകളിലാണ് പൈലറ്റ് പദ്ധതി നടപ്പാക്കി വരുന്നത്)

(എഫ്) ഇല്ല.

(ജി) ഉദിക്കുന്നില്ല.

(എച്ച്) ഉദിക്കുന്നില്ല.

വെള്ളം സംഭരിക്കുന്നതിന് സമ്പ് പണിയാൻ നടപടി

157 (2623) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഴാനി ഡാമിൽ നിന്ന് വെള്ളം സംഭരിക്കുന്നതിന് സമ്പ് പണിയുന്നതിന് ജലസേചന വകുപ്പിന്റെ സ്ഥലം വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് സ്ഥലം ആവശ്യപ്പെട്ടത് ;

(സി) വാട്ടർ അതോറിറ്റിക്ക് സ്ഥലം നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ ആണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly